പാഠം 3 ഏപ്രിൽ 8–14

# ഒരു രാജകീയ പുരോഹിത വർഗം

**ശബ്ബത്ത് സായാഹ്നം ഏപ്രിൽ 8**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ് 2:1–3; എബ്രായർ 4:12;4; 1 പത്രൊസ് 2: 4–8; യെശയ്യാവ് 28:16; പുറപ്പാട് 19: 3–6; 1 പത്രൊസ് 2:5,9,10;**

**മനപാഠവാക്യം:**

**നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവും ആകുന്നു (1 പത്രൊസ് 2:9).**

യെഹൂദാസംസ്കാരത്തിലും മതത്തിലും ചരിത്രത്തിലും മുഴുകിയിരിക്കുകയാണെങ്കിലും അവൻ ആർക്ക് എഴുതുന്നുവോ ആ ക്രിസ്ത്യാനികളെ ഒരു "വിശുദ്ധ ജാതിയും, ദൈവത്തിന്റെ സ്വന്തജനവും എന്നാണ് പ്രദിപാതിക്കുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ, പുരാതന യിസ്രായേലിനെ സൂചിപ്പിക്കുവാൻ പഴയനിയമം ഉപയോഗിക്കുന്ന ഉടമ്പടി ഭാഷയാണ് ഇവിടെ പുതിയനിയമസഭയെ കാണിക്കുവാൻ ഉപയോഗിക്കുന്നത്.

ഇതിൽ അതിശയമൊന്നുമില്ല യേശുവിലുള്ള പുറജാതി വിശ്വാസികൾ ദൈവത്തിന്റെ ഉടമ്പടി ജനത്തോട് ഒട്ടിച്ചു ചേർക്കപ്പെട്ടിരിക്കുകയാണ്. അവർ ഇപ്പോൾ ഉടമ്പടി വാഗ്ദത്തങ്ങളുടെ പങ്കാളികൾ കുടിയാണ്. "കൊമ്പുകളിൽ ചിലത് ഒട്ടിച്ചിട്ടു കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്ത് ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിനു പങ്കാളിയാക്കിത്തീർത്തു എങ്കിലോ, കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്; പ്രശംസിക്കുന്നുവെങ്കിൽ  നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്ന് ഓർക്കുക (റോമർ 11:17,18).

ഈ ആഴ്ചയിലെ പാഠഭാഗങ്ങളിൽ, ദൈവത്തിന്റെ ഉടമ്പടി ജനമെന്ന നിലയിൽ അവർക്കുള്ള ഉന്നതമായ വിളിയും പവിത്രമായ ഉത്തരവാദിത്വവും പത്രോസ് അവന്റെ വായനക്കാർക്കു ചൂണ്ടിക്കാണിക്കുന്നു. ഒലിവ് മരത്തോട് ഒട്ടിച്ചേർക്കപ്പെട്ടവർ (പൗലൊസിന്റെ ഭാഷ ഉപയോഗിക്കുന്നു). ആ ഉത്തരവാദിത്തങ്ങളിൽ ആദിമ യിസ്രായേലിന് ഉണ്ടായിരുന്നതു തന്നെയാണ്. കർത്താവിൽ നൽകപ്പെട്ടിരിക്കുന്ന രക്ഷയുടെ വലിയ സത്യം പ്രഖ്യാപിക്കുക എന്നത്.

**ഞായർ ഏപ്രിൽ 9**

**ഒരു ക്രിസ്ത്യാനിയായി ജീവിക്കുന്നു.**

1 പത്രൊസ് 2:1 ആരംഭിക്കുന്നത് "ആയതിനാൽ" എന്നാണ്, ഇതിനർത്ഥം തുടർന്ന് വരുന്നത് മുൻപുണ്ടായിരുന്നതിന്റെ ഫലമാണെന്നാണ്. കർത്താവ് നമുക്ക് എന്തു ചെയ്തുവെന്നും നാം എങ്ങനെ പ്രതികരിക്കണം എന്നതു സംബന്ധിച്ചും 1 പത്രൊസ് 1 ഒരു ശക്തി പ്രകടനമായിരുന്നു. അടുത്ത അദ്ധ്യായത്തിൽ പത്രൊസ് ഈ കേന്ദ്ര ആശയം കൂടുതൽ മുമ്പോട്ട് കൊണ്ടുപോകുന്നു.

**1 പത്രൊസ് 2:1-3 വായിക്കുക നാം എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ച് പത്രൊസ് നമ്മോട് എന്താണ് പറയുന്നത്?**

ക്രിസ്ത്യാനികൾക്ക് ഇരട്ടി കടമയുണ്ടെന്ന് കാണിക്കുവാൻ പത്രൊസ് രണ്ട് പ്രതിരൂപങ്ങൾ ഉപയോഗിക്കുന്നു. ഒന്ന് നിഷേധാത്മകമാണ്, അതിൽ ചില കാര്യങ്ങൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു, അടുത്തത് ഒരു പ്രസാദാത്മകമായ ഒന്നാണ്, അതിൽ നാം എന്തെങ്കിലും ചെയ്യാൻ ശ്രമിക്കണം.

ആദ്യ പ്രതിരൂപത്തിൽ ക്രിസ്ത്യാനികൾ സകല ദുഷ്ടതയും, എല്ലാ ചതിവും, വ്യാജ ഭാവവും, അസൂയയും എല്ലാ നുണയും (1 പത്രൊസ് 2:1). ക്രിസ്ത്യാനികൾ അവരിൽനിന്ന് ഉപേക്ഷിക്കണം എന്ന് പത്രൊസ് ആഹ്വാനം ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ, അവർക്ക് ചുറ്റമുള്ളവർ ചെയ്യുന്ന രീതികളിൽനിന്ന് വ്യത്യസ്തമായി പെരുമാറും. കാരണം അവർ ദുഷ്ടത ഉപേക്ഷിച്ചതുകൊണ്ട്, അവർ മറ്റുള്ളവരെ ദ്രോഹിക്കുന്നതിനു പകരം അവരുടെ ക്ഷേമം അന്വേഷിക്കും, ക്രിസ്ത്യാനികൾ ആത്മാർത്ഥതയില്ലായ്മ ഉപേക്ഷിച്ചതുകൊണ്ട് അവർ മറ്റുള്ളവരെ വഞ്ചിക്കില്ല, പിന്നെയോ നേരും നെറിവുമുള്ളവരും വിശ്വസ്തരുമായിരിക്കും. അവരെക്കാൾ അധികമുള്ളവരോട് ക്രിസ്ത്യാനികൾ അസൂയപ്പെടില്ല. അവർ അവരുടെ ജീവിതങ്ങളിൽ സംതൃപ്തരും ദൈവാനുഗ്രഹത്താൽ അവർ ആയിരിക്കുന്നിടത്ത് തഴച്ചു വളരുകയും ചെയ്യും. മറ്റൊരാളുടെ സൽപ്പേരിന് നാശം വരുത്തുന്ന മനഃപൂർവമായ പ്രസ്താവനകൾ അവർ ചെയ്യില്ല.

പത്രൊസ് രണ്ടാമത് ഉപയോഗിക്കുന്ന പ്രതിരൂപം-പാൽ കാംക്ഷിക്കുന്ന ഇപ്പോൾ ജനിച്ച ശിശു (1 പത്രൊസ് 2:2)- അവന്റെ ഉപദേശത്തിന്റെ പ്രസാദാത്മക വശം കാണിക്കുന്നു. ക്രിസ്തീയ ജീവിതം എന്നത് കുറെ ചീത്ത കാര്യങ്ങൾ ഉപേക്ഷിക്കുക മാത്രമല്ല, അപ്രകാരമുള്ള ഒരു ജീവിതം ശൂന്യമായിരിക്കും. അല്ല, അത് ആത്മീയമായ പോഷകാഹാരം നേടലാണ് എന്നാൽ ഒരു നവജാത ശിശു പാലിനുവേണ്ടി കരയുന്ന തീക്ഷ്ണതയോടെ. ആ ആത്മീയ പോഷകാഹാരത്തിന്റെ ഉറവിടവും അവൻ ചൂണ്ടിക്കാണിക്കുന്നു (എബ്രായർ 4:12; മത്തായി 22:29; 2 തിമൊഥെയൊസ് 3:15-17 എന്നിവയും കാണുക), ദൈവത്തിന്റെ വചനം, ബൈബിൾ ദൈവവചനത്തിലാണ് നമുക്ക് ധാർമ്മികമായും ആത്മീയമായും വളരാൻ സാധിക്കുക, കാരണം അതിൽ നമുക്ക് യേശുവിനെക്കുറിച്ച് സാദ്ധ്യമായ പൂർണ്ണ വെളിപ്പാടുണ്ട്, കുറഞ്ഞ പക്ഷം നമുക്കെങ്കിലും. യേശുവിലാകട്ടെ നാം സേവിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ട വിശുദ്ധ ദൈവത്തിന്റെ സ്വഭാവത്തിന്റെയും പ്രകൃതത്തിന്റെയും ഏറ്റവും വലിയ മാതൃകയാണ്.

**ഈ രണ്ട് ആശയങ്ങൾ അന്യോന്യം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു: അതായത് വചനത്തിൽനിന്ന് ആത്മീയപോഷണം തേടുന്ന നമ്മെ പത്രൊസ് താക്കീത് ചെയ്യുന്ന ചീത്ത പ്രവർത്തികളിൽ നിന്നും മനോഭാവങ്ങളിൽ നിന്നും എങ്ങനെ മാറ്റി നിർത്തും?**

## ജീവനുള്ള കല്ല്

**1 പത്രൊസ് 2:4–8 വായിക്കുക (യെശയ്യാവ് 28:16, സങ്കീ 118:22, യെശയ്യാവ് 8:14,15 -ഉം കാണുക). എന്ത് സുപ്രധാന സത്യമാണ് പത്രൊസ് ഇവിടെ പരാമർശിക്കുന്നത്? യേശുവിനോടുള്ള പ്രതികരണമായി നാം എങ്ങനെ പ്രവർത്തിക്കണമെന്നാണ് പത്രൊസ് നമ്മോട് പറയുന്നത്?**

ആത്മിക പോഷണം തേടണമെന്ന് അവന്റെ വായനക്കാരോട് പറഞ്ഞ ശേഷം, പത്രൊസ് ഉടൻതന്നെ അവരുടെ ശ്രദ്ധ ജീവനുള്ള കല്ലായ യേശുക്രിസ്തുവിലേക്ക് തിരിക്കുന്നു, മിക്കവാറും യെരൂശലേം ദൈവാലയത്തെക്കുറിച്ചുള്ള ഒരു പ്രതിപാദ്യം, മൂല കല്ലുകളുടെ പ്രാധാന്യം എടുത്തുകാണിക്കുന്ന മൂന്ന് പഴയനിയമപുസ്തക ഭാഗങ്ങൾ അവൻ 1 പത്രൊസ് 2:4–8 ൽ എടുത്തു പറയുന്നു, അത് അവന്റെ സഭയിൽ യേശുവിനുള്ള പങ്കിനെ പ്രതിനിധീകരിക്കുന്നു. യേശുവിനെ ഈ വാക്യങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ പത്രൊസ് ഏകനല്ല. അവന്റെ ഉപമകളിൽ ഒന്നിന്റെ അവസാനത്തിൽ യേശു തന്നെ സങ്കീർത്തനം 118:22 ഉപയോഗിക്കുന്നു. (മത്തായി 21:42). യെഹൂദാ നേതൃത്വത്തോടുള്ള അ.പ്ര. 4:11 ലെ അവന്റെ പ്രഭാഷണത്തിൽ പത്രൊസും അതുപോലെ ചെയ്യുന്നു. പൗലൊസാകട്ടെ റോമർ 9:33–ൽ യെശയ്യാവ് 28:16 ഉപയോഗിക്കുന്നു.

പത്രൊസ് പറയുവാൻ ഉദ്ദേശിക്കുന്നതെന്തെന്നാൽ യേശു തിരസ്കരിക്കപ്പെട്ട് ക്രൂശിക്കപ്പെട്ടുവെങ്കിലും, ദൈവത്തിന്റെ ആത്മീയ വീടിന്റെ മൂലക്കല്ലാകുവാൻ അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടുവെന്നാണ്. അങ്ങനെ യെങ്കിൽ ക്രിസ്ത്യാനികൾ ഈ വീട്ടിൽ പണിതു ചേർക്കപ്പെട്ടിരിക്കുന്ന ജീവനുള്ള കല്ലുകളാണ്. മൂലക്കല്ലിന്റെയും കല്ലുകളുടെയും പദങ്ങൾ ഉപയോഗിച്ച്, പത്രൊസ് സഭയുടെ ഒരു പ്രതിരൂപം അവതരിപ്പിക്കുകയാണ്. സഭ സ്ഥാപിച്ചിരിക്കുന്നത് യേശുവിലാണ് എന്നാൽ പണിയപ്പെട്ടിരിക്കുന്നത് അനുയായികളാലാണ്.

ഒരു ക്രിസ്ത്യാനി ആയിത്തീരുക എന്നാൽ നിങ്ങൾ ഒരു ക്രിസ്തീയ സമൂഹത്തിന്റെയോ അല്ലെങ്കിൽ പ്രദേശിക സഭയുടെയോ ഭാഗമായിത്തീരുകയാണെന്നത് ശ്രദ്ധിക്കുക. ഒരു ഇഷ്ടിക ഒരു വലിയ ചട്ടക്കൂടിന്റെ ഭാഗമായിപണിതു ചേർക്കുന്നതുപോലെ ക്രിസ്ത്യാനികളും മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ട് ക്രിസ്തുവിന്റെ അനുയായികളാകാൻ വിളിക്കപ്പെട്ടവരല്ല. ദൈവരാജ്യം വിപുലപ്പെടുത്തുവാൻ മറ്റ് ക്രിസ്ത്യാനികളുമായി ചേർന്ന് ആരാധിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാൻ കൂട്ടാക്കാത്ത ഒരു ക്രിസ്ത്യാനി ഒരു വൈരുദ്ധ്യമാണ്. ക്രിസ്ത്യാനികൾ ക്രിസ്തുവിലേക്ക് സ്നാനപ്പെടുകയാണ്, അങ്ങനെ ചെയ്യുന്നതിലൂടെ, അവർ അവന്റെ സഭയിലേക്ക് സ്നാനപ്പെടുകയാണ്.

പത്രൊസ് സഭയുടെ പ്രവർത്തനത്തെക്കുറിച്ചും സംസാരിക്കുന്നു. അത് ആത്മീയ യാഗം കഴിക്കുന്ന ഒരു "വിശുദ്ധ പുരോഹിത വർഗ്ഗം" (1 പത്രൊസ് 2:5) ആകേണ്ടതാണ്. എബ്രായ ബൈബിളിൽ, പുരോഹിതന്മാർ ദൈവത്തിനും അവന്റെ ജനങ്ങൾക്കുമിടയിൽ മദ്ധ്യസ്ഥരാകുന്നു. പുതിയ നിയമത്തിൽ പത്രൊസും മറ്റുള്ളവരും മിക്ക

പ്പോഴും ദൈവാലയത്തിന്റെയും പുരോഹിതരുടെയും ഭാഷ ഉപയോഗിക്കുന്നത് സഭയെ ദൈവത്തിന്റെ ജീവനുള്ള ആലയമായും അവന്റെ ജനങ്ങളെ പുരോഹിതരായി അവതരിപ്പിക്കുന്നതിനുമാണ്. ക്രിസ്ത്യാനികൾ ഇന്ന് എങ്ങനെ ജീവിക്കുകയും പ്രവർത്തികയും വേണം എന്ന് വെളിപ്പെടുത്തുവാനാണ് അവൻ പഴയനിയമ ആരാധനാവ്യവസ്ഥയെ ചൂണ്ടിക്കാണിക്കുന്നത്.

**1 പത്രൊസ് 2:5 വീണ്ടും വായിക്കുക. "ആത്മീയ യാഗങ്ങൾ കഴിക്കുക"എന്നതിന്റെ അർത്ഥമെന്താണ്? ക്രിസ്ത്യാനികൾ ഒരു സാമൂഹ്യ ആരാധനയുടെ ഭാഗമായി അത് എങ്ങനെ ചെയ്യുന്നു.**

**ചൊവ്വ** **ഏപ്രിൽ 11**

## ദൈവത്തിന്റെ വാഗ്ദത്ത ജനം

ഒരു പഴയനിയമ കാഴ്ചപ്പാടിൽനിന്നാണ് പത്രൊസ് മിക്കവാറും എഴുതുന്നത്. ഈ കാഴ്ചപ്പാടിന്റെ കേന്ദ്രആശയം ഉടമ്പടിയാണ്, യെഹൂദാ ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ കേന്ദ്രീകൃത ആശയം.

**എന്താണ് ആ ഉടമ്പടി?**

ഉടമ്പടി (എബ്രായ ഭാഷയിൽ, (berit), ബെറിറ്റ്) എന്നാൽ രണ്ടു കൂട്ടർ തമ്മിലുള്ള ഒരു ഉഭയസമ്മതമോ, ഔപചാരിക മായ ഒരു സമ്മതമോ ആണ്. അത് രണ്ടു വ്യക്തികൾതമ്മിലാകാം (ഉദാഹരണത്തിന്, ഉല്പത്തി 31:44 ൽ ലാബാനും യാക്കോബും തമ്മിൽ) അല്ലെങ്കിൽ രണ്ട് രാജാക്കന്മാർ (ഉദാഹരണത്തിന് 1 രാജാക്കന്മാർ 5:12 ൽ ശലോമോനും ഹീരാമും, അവിടെ (berit) എന്നതിനെ സമാധാനമെന്നും ഉടമ്പടിയെന്നും തർജമ ചെയ്തിരിക്കുന്നു). അത് ദാവീദിന്റെയും യിസ്രായേലിലെ മൂപ്പന്മാരും എന്നപോലെ ഒരു രാജാവും അവന്റെ ജനങ്ങളും തമ്മിലാകാം (2 ശമൂവേൽ 5:3).

ഈ കേന്ദ്ര ആശയങ്ങളിൽ ഏറ്റവും മുഖ്യസ്ഥാനം അലങ്കരിക്കുന്നത്. അബ്രഹാമിന്റെ പിന്തുടർച്ചക്കാരായ തിരഞ്ഞെടുക്കപ്പെട്ട ജനവും ദൈവവും തമ്മിലുള്ള പ്രത്യേക ഉടമ്പടിയാണ്.

**ഉല്പത്തി 17:1-4, പുറപ്പാട് 2:24, 24:3-8 എന്നിവ വായിക്കുക, യിസ്രയേലുമായി ദൈവമുണ്ടാക്കിയ കരാറിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു?**

ബൈബിളിലെ ആദ്യ പുസ്തകമായ ഉല്പത്തി, ദൈവം അബ്രഹാമുമായി എങ്ങനെയാണ് ഉടമ്പടി ഉണ്ടാക്കിയതെന്ന് വിവരിക്കുന്നു (ഉല്പത്തി 15:9-21; 17:1-26). ദൈവം അവന്റെ ജനത്തെ മിസ്രയീമിലെ ഞെരുക്കത്തിൽനിന്ന് വിടുവിച്ചപ്പോൾ ദൈവം ഈ ഉടമ്പടി ഓർത്തു (പുറപ്പാട് 2:24). യിസ്രായേൽ മക്കൾക്ക് പത്തു കല്പനകളും മറ്റു പ്രമാണങ്ങളും മോശെയുടെ കാലത്ത് കൊടുത്തപ്പോൾ ദൈവം ആ ഉടമ്പടി പുതുക്കി. (പുറപ്പാട് 19:1-24:8; വിശേഷാൽ പുറപ്പാട് 24:3-8).

എന്നാൽ ഉടമ്പടി വാഗ്ദത്തങ്ങൾ വ്യവസ്ഥകളില്ലാതെയായിരുന്നില്ല. "അവന്റെ ആവശ്യങ്ങൾ പാലിക്കുന്നതിൽ അവർ വിശ്വസ്തരാകുന്നുവെങ്കിൽ, അവൻ അവരെ അവരുടെ സകല കൈവേലകളിലും വർദ്ധനവിലും അനുഗ്രഹിക്കുമെന്ന് ദൈവം ഉടമ്പടി ചെയ്തു". EGW, Tertimonie for the Church, Vol 2,p 574. നിശ്ചയമായും,

ദൈവത്തിന്റെ ന്യായപ്രമാണങ്ങളോടുള്ള അനുസരണക്കേടിന്റെ അപകടങ്ങളെക്കുറിച്ച് പ്രവാചകന്മാർ ആവർത്തിച്ച് താക്കീതു നൽകിയിരുന്നു, മിക്കപ്പോഴും ഉടമ്പടിയെ അനസ്മരിപ്പിക്കുന്ന ഭാഷ ഉപയോഗിച്ചുകൊണ്ട്. ദാനീയേലിലേയും വെളിപ്പാടിലെയും ഒഴികെയുള്ള ബൈബിളിലെ പ്രവചനങ്ങൾ വ്യവസ്ഥാപിതമായിരുന്നെന്നു വാദിച്ചിട്ടുണ്ട്. ഉടമ്പടി വാഗ്ദത്തങ്ങളുടെ അനുസരണത്തെ സംബന്ധിച്ചിടത്തോളം അനുസരണം എന്ന കേന്ദ്ര ആശയം അത്ര പ്രധാനമാണ്. അനുഗ്രഹത്തിന്റേതായ ഉടമ്പടി വാഗ്ദത്തങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണത്തോടുള്ള അനുസരണത്തിൽ വ്യവസ്ഥ ചെയ്തതായിരുന്നു, നാശത്തിന്റേതായ വാഗ്ദത്തങ്ങളാകട്ടെ അനുസരണക്കേട് കാണിക്കുന്നവർക്കു മാത്രം ബാധകമായിരുന്നു.

**ദൈവവുമായി ഒരു ഉടമ്പടി ബന്ധത്തിലായിരിക്കുക എന്നാൽ നിങ്ങൾ അർത്ഥമാക്കുന്നതെന്താണ്? ഈ ഉടമ്പടി ബന്ധങ്ങൾ നിങ്ങളുടെ മേൽ എന്തു കടപ്പാടുകളാണ് വെയ്ക്കുന്നത്?**

**ബുധൻ** **ഏപ്രിൽ 12**

## ഒരു രാജകീയ പുരോഹിതവർഗ്ഗം

പുറപ്പാട് പുസ്തകം 19-ാം അദ്ധ്യായത്തിൽ ദൈവം മോശെയോട് പറഞ്ഞു:

“നീ യാക്കോബ് ഗൃഹത്തോട് പറയുകയും യിസ്രായേൽ മക്കളോട് അറിയിക്കുകയും ചെയ്യേണ്ടത്. എന്തെന്നാൽ: ഞാൻ മിസ്രയീമ്യരോടു ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ച് എന്റെ അടുക്കൽ വരുത്തിയതും നിങ്ങൾ കണ്ടുവല്ലോ. ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്കു സകലജാതികളിലും വച്ചു പ്രത്യേക സമ്പത്തായിരിക്കും: ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു പുരോഹിത രാജത്വവും വിശുദ്ധജനവും ആകും. ഇവ നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു” (പുറപ്പാട് 19:3-6).

ഇവിടെയാണ് കുരിശിനും ആയിരം വർഷങ്ങൾക്കുമുൻപ് വെളിപ്പെടുത്തപ്പെട്ട സുവിശേഷ ദൂത്: പാപത്തിൽനിന്നും പാപത്തിന്റെ അടിമത്തിൽനിന്നും ദൈവം അവന്റെ ജനങ്ങളെ വീണ്ടെടുക്കുന്നു, പിന്നീട് ലോകത്തിന്റെയും അവന്റെയും മുമ്പിൽ ഒരു പ്രത്യേക വാഗ്ദത്ത ജനമായി അവനെ അനുസരിക്കുവാനും സ്നേഹിക്കുവാനും അവൻ അവരോട് കല്പിക്കുന്നു.

**1 പത്രൊസ് 2:5, 9,10 ഉം പുറപ്പാട് 19:6 ഉം വായിക്കുക. ക്രിസ്ത്യാനികളെ “പുരോഹിത രാജത്വം” എന്നും “വിശുദ്ധജനം”എന്നും പത്രൊസ് വിളിക്കുമ്പോൾ പത്രൊസ് എന്താണ് അർത്ഥമാക്കുന്നത് (1 പത്രൊസ് 2:9)? നമ്മുടെ കടപ്പാടുകളെക്കുറിച്ച് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകളായ നമ്മോട് ഈ ഭാഷ എന്തു പറയുന്നു? അബ്രഹാമിന്റെ പിന്തുടർച്ചക്കാരോടു ദൈവത്തിനുണ്ടായിരുന്ന പ്രത്യേക ബന്ധത്തെ വർണ്ണിക്കുവാൻ ബൈബിൾ ഉപയോഗിക്കുന്ന ആദരവിന്റെ പദങ്ങളാണ് ആത്മീയ ഗൃഹം, തിരഞ്ഞെടുക്കപ്പെട്ട ജാതി, പുരോഹിത രാജത്വം, ദൈവത്തിന്റെ സ്വന്ത ജനം എന്നിവ. ഇപ്പോഴാകട്ടെ, പുതിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ക്രൂശിന്റെയും യേശുവിന്റെയും പശ്ചാത്തലത്തിൽ പത്രൊസ് അതേ ഉടമ്പടി ഭാഷ എടുത്ത് സഭാംഗങ്ങൾക്കായി പ്രയോഗിക്കുകയാണ്.**

യിസ്രായേലിനോടു ചെയ്ത ഉടമ്പടി വാഗ്ദത്തങ്ങൾ ഇപ്പോൾ വിശാലമാക്കി യേശുവിൽ വിശ്വസിക്കുന്ന യെഹൂദർക്കു മാത്രമല്ല പിന്നെല്ലാ പുറജാതി വിശ്വാസികൾക്കുകൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. അതേ, യേശുവിലൂടെ ജാതികൾക്കും അബ്രഹാമിന്റെ സന്തതികളെന്ന് അവകാശപ്പെടാം "ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു." (ഗലാത്യർ 3: 29). ക്രിസ്തുവിലൂടെ ആർക്ക്, എവിടെ ജനിച്ചു എന്ന് പരിഗണിക്കാതെ, "രാജകീയ പുരോഹിത വർഗ്ഗത്തിന്റെ" ഭാഗമാകാൻ കഴിയും.

**ഒരു വിശുദ്ധ ജാതിയോ? ഒരു രാജകീയ പുരോഹിത വർഗ്ഗമോ? സമൂഹമായും വ്യക്തികളായും നാം ജീവി ക്കുന്ന തരത്തിലുള്ള ജീവിതങ്ങൾക്ക് ഇപ്രകാര മുള്ള പദങ്ങൾ യോജിച്ചതാണോ? ഈ ഉന്നതമായ വിളിക്ക് അനുയോജ്യമാം വിധം കൂടുതൽ മെച്ചപ്പെട്ട ജീവിതങ്ങൾ നമുക്കെങ്ങനെ നയിക്കുവാൻ സാധിക്കും?**

**വ്യാഴം** **ഏപ്രിൽ 13**

## സ്തുതികൾ ഘോഷിക്കുന്നു

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട്, വിളിക്കപ്പെട്ട്, രക്ഷ എന്നിവകൊണ്ടു മാത്രം പഴയനിയമ സഭയുമായുള്ള സമാനതകൾ അവസാനിക്കുന്നില്ല. ചോദ്യമിതാണ്, എന്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുകയും വിളിക്കപ്പെടുകയും ചെയ്തു? വളരെ വേഗത്തിൽ പത്രൊസ് ഉത്തരം നൽകുന്നു.

ഈ പ്രത്യേകമായ ബന്ധം ഒരു ഉദ്ദേശ്യത്തിനു വേണ്ടിയാണെന്ന് പത്രൊസ് ചൂണ്ടിക്കാണിക്കുന്നു. ക്രിസ്ത്യാനികൾ അന്ധകാരത്തിൽനിന്നു തന്റെ അദ്ഭുത പ്രകാശത്തിലേക്കു വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം (1 പത്രൊസ് 2:9)വിളിക്കപ്പെട്ടവരാണ്. ഇതായിരുന്നു പുരാതന യിസ്രായേൽ ചെയ്യേണ്ടിയിരുന്നത്. ദൈവം അവരെ വിളിച്ചത് ലോകത്തിന് അവന്റെ സാക്ഷികളായിരിക്കുവാനാണ്. അവന്റെ വാഗ്ദത്ത ജനമായ യിസ്രായേലിലൂടെ ലോകത്തെ ആകമാനം അനുഗ്രഹിക്കുകയായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം.

**തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. ഇവയ്ക്കെല്ലാം പൊതുവായുള്ള ഒരു കാര്യം എന്താണ്? ആവർത്തനം 4:6; 26:18,19; യെശയ്യാവ് 60:1–3; സെഖര്യാവ് 8:23.**

വാഗ്ദത്ത ജനമെന്ന നിലയിൽ, പുരാതന യിസ്രായേലിന്, സുവിശേഷവുമായി ലോകത്തിലേക്ക് എത്തിച്ചേരേണ്ട ഒരു ദൗത്യമുണ്ടായിരുന്നു, ദൈവത്താൽ നൽകപ്പെടുന്ന രക്ഷ. ക്രിസ്ത്യാനികൾക്കും അതേ ദിവ്യ ദൗത്യമാണുള്ളത്. ക്രിസ്തുവിലൂടെ അവൻ ലോകത്തിനുവേണ്ടി എന്തു ചെയ്തുവെന്നും, അവർക്ക് ദൈവത്തെക്കുറിച്ചുള്ള അറിവും അനുഭവവും അവർ ലോകത്തോട് പങ്കുവയ്ക്കുവാൻ വിളിക്കപ്പെട്ടവരാണ്.

**1 പത്രൊസ് 2:10 വായിക്കുക. ക്രിസ്ത്യാനികളുടെ ഉദ്ദേശ്യത്തിനും സമ്പൂർണമായ ദൗത്യത്തിനും ഈ വാക്യം എന്തുകൊണ്ടാണ് ഏറ്റവും മുഖ്യമായിരിക്കുന്നത്?**

ആസന്നമായ നാശത്തിലും, മരണത്തിലും, പാപത്തിലും, മുഴുകിയിരിക്കുകയാണ് ലോകം. എന്നാൽ ഈ നാശത്തിൽനിന്ന് സകലരെയും രക്ഷിക്കാനാണ് യേശു അവന്റെ ജീവൻ നൽകിയത്. പഴയകാല യിസ്രായേലിനോടെന്നപോലെ, ആദരവിന്റെ വ്യവസ്ഥകൾ ഉത്തരവാദിത്വ ത്തിന്റെയും വ്യവസ്ഥകളാണ്. ക്രിസ്ത്യാനികൾക്ക് അസാധാരണമായ ഒരു ഉന്നത പദവിയുണ്ട്: ദൈവത്തിന്റെ ജനമെന്ന പദവി. എന്നാൽ മറ്റുള്ളവരെ ഈ ഉന്നതമായ പദവിയിലേക്കു ക്ഷണിക്കാനുള്ള ഉത്തരവാദിത്വവും ഇത് കൊണ്ടുവരുന്നു. 1 പത്രൊസ് 2:10 പ്രസ്താവിക്കുന്നതുപോലെ, ക്രിസ്ത്യാനികൾ ഇപ്പോൾ അവരുടേതായ സ്വന്ത ജനത്തെ രൂപപ്പെടുത്തുന്നു. ഒരു കാലത്ത് അവർ ഒരു ജനമല്ലായിരുന്നു എന്നാൽ ഇന്ന് ഒരു വിശുദ്ധ ജന്മാകാനുള്ള കരുണ അവർക്ക് ലഭിച്ചിട്ടുണ്ട് (ഹോശേയാ 1,2 കാണുക). ബൈബിളിൽ സാധാരണയായി വിശുദ്ധം എന്ന വാക്കിന് ആരാധനയ്ക്കായി മാറ്റി വെക്കപ്പെട്ടത് എന്ന അർത്ഥമുണ്ട്. ആയതിനാൽ, ഒരു "വിശുദ്ധ" ജനമെന്ന നിലയിൽ, ക്രിസ്ത്യാനികൾ ലോകത്തിൽനിന്ന് വേർപ്പെട്ട് ഇരിക്കേണ്ടവരാണ്, അവർ ജീവിക്കുന്ന ജീവിതങ്ങളിൽ കാണേണ്ട ഒരു ഉത്കൃഷ്ടത മറ്റുള്ളവരെ അതിന്റെ ചൂടിലേക്ക് ആകർഷിക്കുന്ന തണുപ്പുള്ള രാത്രിയിലെ ഒരു തീ പോലെയും ക്രിസ്ത്യാനികൾ ആയിരിക്കണം.

അവർ പങ്കുപറ്റിയിട്ടുള്ള മഹത്തായ രക്ഷ മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്ന ഉത്തരവാദിത്വവും ക്രിസ്ത്യാനികളുടെ ചുമതലയാണ്.

**വെള്ളി** **ഏപ്രിൽ 14**

**കൂടുതൽ ചിന്ത:**

ദൈവത്തിന്റെ ദൃഷ്ടിയിൽ സഭ വളരെ വിലപ്പെട്ടതാണ്. അവൻ അതിനെ വില മതിക്കുന്നു, അതിന്റെ ബാഹ്യമായ നേട്ടങ്ങൾക്കല്ല, പിന്നെയോ അതിനെ ലോകത്തിൽനിന്ന് വേറിട്ടു നിർത്തുന്ന ആത്മാർത്ഥമായ ഭക്തിക്കുവേണ്ടി ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുന്ന അംഗങ്ങളുടെ അടിസ്ഥാനത്തിലാണ് അവൻ അതിനെ വിലയിരുത്തുന്നത്, ആത്മീയ അനുഭവത്തിലുള്ള അവരുടെ പുരോഗതിയനുസരിച്ച്.

"അവന്റെ മുന്തിരിത്തോട്ടത്തിൽനിന്ന് നിസ്വാർത്ഥതയുടെയും വിശുദ്ധിയുടെയും ഫലം ലഭിക്കുവാൻ അവൻ കാംക്ഷിക്കുന്നു. അവൻ നന്മയുടെയും സ്നേഹത്തിന്റെയും തത്വങ്ങൾക്കായി നോക്കുന്നു. ക്രിസ്തുവിന്റെ പ്രതിനിധികളായിരിക്കുന്നവരുടെ സ്വഭാവത്തിലും മനോഭാവത്തിലും വെളിപ്പെടേണ്ട സൗന്ദര്യം കലയുടെ സകല സൗന്ദര്യവുമായി പോലും താരതമ്യം ചെയ്യുവാനാകില്ല. കൃപയുടെ അന്തരീക്ഷമാണ് വിശ്വാസിയുടെ ആത്മാവിനെ വലയം ചെയ്യുന്നത്, പരിശുദ്ധാത്മാവ് ഹൃദയത്തിലും മനസ്സിലും പ്രവർത്തിക്കുന്നതാണ് അവനെ ജീവിതത്തിൽ നിന്ന് ജീവിതം ആസ്വദിക്കുന്നവനാക്കുകയും, ദൈവത്തെ അവന്റെ വേലയെ അനുഗ്രഹിക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്നത്,"- EGW, Christ" Object Lesson P .298.

**ചർച്ചാ ചോദ്യങ്ങൾ**

1 അന്ധകാരത്തിൽനിന്ന് "അവന്റെ അദ്ഭുത പ്രകാശത്തിലേക്ക്"വിളിക്കപ്പെടുക എന്നത് എന്താണ്? എന്താണ് അതിന്റെ അർത്ഥം? യേശുവിൽ വിശ്വസിക്കാത്ത ആരോടെങ്കിലും ഈ ആശയം വിശദീകരിക്കണമെങ്കിൽ നിങ്ങൾ എന്തു പറയും? എന്താണ് ആ അന്ധകാരം? എന്താണാ ആ വെളിച്ചം? പത്രൊസ് സംസാരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം എന്താണ്?

2 "നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിങ്ങൾ അനുസരിച്ച് നടക്കുവാനായി എന്റെ ദൈവമായ യഹോവ എന്നോടു കല്പിച്ചതുപോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചു നടക്കുവിൻ; ഇതു തന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കല്പനകളൊ ക്കെയും കേട്ടിട്ട് ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നെ എന്നു പറയും നമ്മു ടെ ദൈവ മായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്ക് അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠ ജാതി ഏതുള്ളൂ? ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വയ്ക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി ഏതുള്ളൂ? (ആവർത്തനം 4:5 -8) നമുക്ക് നൽകപ്പെട്ടിരിക്കുന്ന എല്ലാം കൊണ്ടും നാം എന്തു ചെയ്യാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്ന തെന്നും സെവന്ത് ഡേ അഡ്വന്റി സ്റ്റുകാരെന്ന നിലയിൽ ഈ വാക്കുകൾ നമുക്ക് ഏതെല്ലാം വിധത്തിൽ ബാധകമാണ്?

3 1 പത്രൊസ് 2:3 വായിക്കുക. "കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടു ണ്ടല്ലോ"? എന്ന് പത്രൊസ് പറയുമ്പോൾ പത്രൊസ് എന്താണ് അർത്ഥമാക്കു ന്നത്? അവന്റെ കൃപ നിങ്ങൾ എങ്ങനെ "ആസ്വദിച്ചിട്ടുണ്ട്"?

4 നിങ്ങളുടെ പ്രാദേശിക സഭയെ ആകമാനം ഒന്ന് നോക്കുക. നിങ്ങളുടെ സഭ യുടെ അവസ്ഥ എന്താണ്, നാം എന്ത് വിശ്വസിക്കുന്നുവെന്നോ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെക്കുറിച്ച് യാതൊന്നും അറിയാത്തവർക്ക് നിങ്ങളോ നിങ്ങളുടെ സഭയോ സ്വീകാര്യമായിരിക്കുന്നത് എങ്ങനെ?

✪ ✪ ✪ ✪